"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെ-ബിപ്പ്) ഔദ്യോഗിക ആവശ്യത്തിനായി 18,00,000 /- (പതിനെട്ട് ലക്ഷം രൂപ) ചെലവാക്കി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ - സ്റ്റാൻഡേർഡ് ഓപ്ഷൻ) വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ജി) വകുപ്പ്**

സ.ഉ.(കൈ) നം.27/2025/ID തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/07/2024ലെ 248/KBIP/Govt./Corres/2024-25 നമ്പർ കത്ത്
2. കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/11/2024ലെ 810/Govt./Corres/KBIP/2024-25 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്). 2009-ൽ വാങ്ങിയ KL01 AW 8757 രജിസ്ട്രേഷൻ നമ്പർ ഉള്ള കെ-ബിപ്പിന്റെ ഔദ്യോഗിക (ഇന്നോവ) വാഹനത്തിന്റെ രജിസ്ട്രേഷന്റെ സാധുത 2024 നവംബർ 29-ന് അവസാനിക്കുമെന്നും കേന്ദ്ര ഗവൺമെന്റ് സ്ക്രാപ്പിംഗ് നയത്തിന്റെ ഭാഗമായി, പഴയതും അനുയോജ്യമല്ലാത്തതുമായ വാഹനങ്ങൾ ഒഴിവാക്കേണ്ടതുണ്ടെന്നും, ആയതിനാൽ കെ-ബിപ്പിൽ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM പോർട്ടൽ) വഴി വാങ്ങുന്നതിന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ 40-ാമത് ഗവേണിംഗ് ബോഡി യോഗം അംഗീകാരം നൽകുകയും വ്യാവസായിക ക്ലസ്റ്റർ വികസന പദ്ധതികളിൽ നിന്ന് കെ-ബിപ്പിനു ലഭിക്കുന്ന തുകയിൽ ലഭ്യമായ ബാക്കി ഫണ്ടിൽ നിന്ന് മേൽ ചെലവ് വഹിക്കണം എന്നും തീരുമാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ, കെ-ബിപ്പ് 2009 - ൽ വാങ്ങിയ

നിലവിലെ ഔദ്യോഗിക വാഹനത്തിന് (ഇന്നോവ) പകരമായി ഒരു പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നതിനുള്ള അനുമതി നല്കണമെന്ന് കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) അടുത്ത അഞ്ച് വർഷത്തേക്ക് സമാനമായ വിഭാഗത്തിലുള്ള ഒരു വാഹനം വാടകയ്ക്കെടുക്കുമ്പോഴുണ്ടാകുന്ന ചെലവും, എല്ലാ ചെലവ് എസ്റ്റിമേറ്റുകളിലും 2% വർദ്ധനവ് വരുത്തിക്കൊണ്ടും, സ്വന്തമായി വാഹനം വാങ്ങുമ്പോളുണ്ടാകുന്ന ചെലവും താരതമ്യം ചെയ്തു കൊണ്ട് വിശദമായ താരതമ്യ സ്റ്റേറ്റ്മെന്റ് കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂചന(2)ലെ കത്തിലൂടെ നൽകുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിന്റെ എംഎസ്ഇ സിഡിപി സ്കീമിന് കീഴിലുള്ള കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയാണ് കെ-ബിപ്പ്. സി എഫ് സി പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടപ്പിലാക്കുന്നതിനാൽ പദ്ധതികളുടെ കാര്യക്ഷമമായ നിരീക്ഷണത്തിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഇടയ്ക്കിടെ സംസ്ഥാനത്തുടനീളം കെ-ബിപ്പ് ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടത് ആവശ്യമാണ്. ആയതിനാൽ , പുതിയ വാഹനം വാങ്ങുന്നതിന് നിയന്ത്രണമുള്ള നിലവിലെ സാമ്പത്തിക ക്രമീകരണ ഉത്തരവിൽ ഇളവ് വരുത്തി, കെ-ബിപ്പിന്റെ ഔദ്യോഗിക ആവശ്യത്തിനായി 18,00,000/- രൂപ (പതിനെട്ട് ലക്ഷം രൂപ) ചെലവാക്കി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ-സ്റ്റാൻഡേർഡ് ഓപ്ഷൻ) വാങ്ങുന്നതിന് കെ-ബിപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ ),തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.

ഇൻഫോർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ )

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shabna N

Date: 27-03-2025 16:37:17

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. 128/ജി2/2024/വ്യവ. ഇനം നം: 2776

വിഷയം : വ്യവസായ വകുപ്പ് - കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (K-bip) ഔദ്യോഗിക ആവശ്യത്തിനായി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽനമ്പർ | : | നം.128/ജി2/2024/വ്യവ. |
| 2 | വകുപ്പ് | : | വ്യവസായ (ജി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് -കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (K-bip) ഔദ്യോഗിക ആവശ്യത്തിനായി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/02/2025 |
| 5 | (i) ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രീതാ കുമാരി.എൽ.പി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/02/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/03/2025 |
| 12 | മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ .പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/03/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/03/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വ്യവസായ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെ-ബിപ്പ് ) ഔദ്യോഗിക ആവശ്യത്തിനായി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നതിനുള്ള നിർദേശം സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) KL01 AW 8757 രജിസ്ട്രേഷൻ നമ്പർ ഉള്ള കെ-ബിപ്പിന്റെ ഔദ്യോഗിക വാഹനം (ഇന്നോവ) 2009-ൽ വാങ്ങിയതാണെന്നും വാഹനത്തിന്റെ രജിസ്ട്രേഷന്റെ സാധുത 2024 നവംബർ 29-ന് അവസാനിച്ചതായും കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് സ്ക്രാപ്പിംഗ് നയത്തിന്റെ ഭാഗമായി, പഴയതും അനുയോജ്യമല്ലാത്തതുമായ വാഹനങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ 40-ാമത് ഗവേണിംഗ് ബോഡി യോഗം കെ-ബിപ്പിൽ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM പോർട്ടൽ) വഴി വാങ്ങുന്നതിന് അംഗീകാരം നൽകുകയും വ്യാവസായിക ക്ലസ്റ്റർ വികസന പദ്ധതികളിൽ നിന്ന് കെ-ബിപ്പിനു ലഭിക്കുന്ന തുകയിൽ ലഭ്യമായ ബാക്കി ഫണ്ടിൽ നിന്ന് മേൽ ചെലവ് വഹിക്കണം എന്നും തീരുമാനിച്ചിരുന്നു. ആയതിനാൽ കെ-ബിപ്പ് 2009-ൽ വാങ്ങിയ നിലവിലെ ഔദ്യോഗിക വാഹനത്തിന് (ഇന്നോവ) പകരമായി ഒരു പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് കെ-ബിപ്പ് സി.ഇ.ഒ അഭ്യർത്ഥിക്കുകയുണ്ടായി.

3) പ്രസ്തുത നിർദേശത്തിന്മേൽ ധനവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"Administrative Department is advised that hiring a vehicle instead of purchase of new one may be considered if the existing vehicle is scrapped on expiry of validity of registration."

4) അടുത്ത അഞ്ച് വർഷത്തേക്ക് സമാനമായ വിഭാഗത്തിലുള്ള ഒരു വാഹനം വാടകയ്ക്കെടുക്കുമ്പോഴുണ്ടാകുന്ന ചെലവും, എല്ലാ ചെലവ് എസ്റ്റിമേറ്റുകളിലും 2% വർദ്ധനവ് വരുത്തിക്കൊണ്ടും, സ്വന്തമായി വാഹനം വാങ്ങുമ്പോളുണ്ടാകുന്ന ചെലവും താരതമ്യം ചെയ്തു കൊണ്ട് വിശദമായ താരതമ്യ സ്റ്റേറ്റ്മെന്റ് സി.ഇ.ഒ കെ-ബിപ്പ് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒരു വാഹനം വാടകയ്ക്കെടുക്കുന്നതിന് 5 വർഷത്തിനുള്ളിൽ 49,95,879 രൂപ (ഏകദേശം 50 ലക്ഷം) ചെലവഴിക്കണം. എന്നാൽ ഒരു പുതിയ വാഹനം (Innova Crysta സ്റ്റാൻഡേർഡ് ഓപ്ഷൻ) വാങ്ങുന്നതിന് ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ നൽകിയിരിക്കുന്ന ചിലവ് എസ്റ്റിമേറ്റ് 18,00,000/- രൂപയാണ് (പതിനെട്ട് ലക്ഷം രൂപ മാത്രം). ഗവൺമെന്റ് ഇ-മാർക്കറ്റ് (ജിഇഎം) പോർട്ടലിലൂടെ ഒരു പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ) വാങ്ങുന്നത് വാടകയ്ക്കെടുക്കുന്നതിനേക്കാൾ ലാഭകരമാണെന്നതിനാൽ, ശിപാർശ സഹിതം ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് കൈമാറിയപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന രീതിയിൽ അഭിപ്രായപ്പെട്ടു.

"Finance Department is not in a position to concur the proposal, as the Economy Orders in force restrict purchase of vehicle and therefore Administrative Department is requested to take up the matter at appropriate level to relax the restrictions."

5) സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിന്റെ എംഎസ്ഇ സിഡിപി സ്കീമിന് കീഴിലുള്ള കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി) പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയാണ് കെ-ബിപ്പ്. സി.എഫ്.സി പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടപ്പിലാക്കുന്നതിനാൽ പദ്ധതികളുടെ കാര്യക്ഷമമായ നിരീക്ഷണത്തിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഇടയ്ക്കിടെ സംസ്ഥാനത്തുടനീളം കെ-ബിപ്പ് ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യേണ്ടത് ആവശ്യമാണ്. കൂടാതെ, 15 വർഷത്തിലേറെ പഴക്കമുള്ള നിലവിലെ വാഹനം കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസിയുടെ ഭാഗമായി ഡിസ്പോസ് ചെയ്യേണ്ടതുണ്ട്. കെ-ബിപ്പിൽ

വിജയകരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത ഇൻഡസ്ട്രിയൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതികൾക്ക് ലഭിച്ച ഫണ്ടിൽ ഔദ്യോഗിക വാഹനം വാങ്ങുവാൻ ആവശ്യമായ തുക ബാക്കിയുള്ളതിനാൽ പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ ഫണ്ട് ആവശ്യമില്ലാത്തതും സാമ്പത്തിക ബാധ്യത ഇല്ലാത്തതുമാണ്.

6) കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷ പരിഗണനാർഹമായതിനാൽ, പുതിയ വാഹനം വാങ്ങുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്ന നിലവിലെ സാമ്പത്തിക ക്രമീകരണ ഉത്തരവിൽ ഇളവ് വരുത്തി പുതിയ വാഹനം വാങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭയുടെ മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനമെടുക്കേണ്ട സംഗതി**

*പുതിയ വാഹനം വാങ്ങുന്നതിന് നിയന്ത്രണമുള്ളതിനാൽ നിലവിലുള്ള സാമ്പത്തിക ക്രമീകരണ ഉത്തരവിൽ ഇളവ് വരുത്തി കെ-ബിപ്പിന്റെ ഔദ്യോഗിക ആവശ്യത്തിനായി 18,00,000 (പതിനെട്ട് ലക്ഷം രൂപ മാത്രം) ചെലവാക്കി പുതിയ വാഹനം (ഇന്നോവ ക്രിസ്റ്റ-സ്റ്റാൻഡേർഡ് ഓപ്ഷൻ) വാങ്ങുന്നതിന് അനുമതി നൽകാമോ?*

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
### Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | 128/G2/2024/ID |
| 2. | Department | : | Industries (G) Department |
| 3. | Subject | : | Industries Department –Purchase of a new vehicle (Innova Crysta) for the official purpose of K-Bip-reg |
| 4. | Date of Chief Minister's Order for placing before the Council | : | 08/02/2025 |
| 5. | i. Does the case involves financial commitments/Implications | : | Yes |
| | ii. If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes. |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Smt.Preetha Kumari.L.P |
| 8. | Name of Principal Secretary who approved the Draft Note | : | Shri.A P M Mohammed Hanish |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 18/02/2025 |
| 10. | Name of Chief Secretary who approved the Draft Note | : | Smt.Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 04/03/2025 |
| 12. | Name of Minister who approved the Draft Note | : | Shri.P.Rajeeve |
| 13. | Date of approval of the Draft Note for the Council by the Minister | : | 05/03/2025 |
| 14. | Date of submission of fair copies | : | 07/03/2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of Government Order/letter communicating the decision | : | |

## Note for Council of Ministers

This note deals with the proposal of Kerala Bureau of Industrial Promotion, (K-bip) an autonomous body under the Industries Department, for the purchase of a new vehicle (Innova Crysta) for the official purpose.

2) The CEO, K-bip has reported that official vehicle (Innova) of K-bip bearing Registration Number KL0I AW 8757 was purchased in the Year 2009 and the validity of registration of the vehicle expired on 29th November 2024. As part of the scrapping policy of GoI, old and unfit vehicle is to be scrapped. The 40th Governing Body Meeting of K-bip approved the purchase of a new vehicle (Innova Crysta) for official purpose in K-bip through Government E-Marketplace (GeM Portal) under DGS&D and expenditure to be met from the balance funds available with K-bip received from the Industrial Cluster Development Projects. Hence CEO, K-Bip requested approval for the purchase of a new vehicle (Innova Crysta) for the official use of K-bip, in place of the present official vehicle (Innova) purchased in the year 2009.

3) When the proposal was forwarded to Finance Department that Department remarked as follows:

"Administrative Department is advised that hiring a vehicle instead of purchase of new one may be considered if the existing vehicle is scrapped

on expiry of validity of registration."

4) The CEO K-Bip furnished a detailed comparison statement towards maintaining an own vehicle against the hired a vehicle of similar category for the next five years with 2% increase in all the cost estimates. In the comparison report, an amount of Rs.49,95,879 (around 50 Lakhs) is to be consumed in 5 years for hiring a vehicle. But the cost estimates provided in Government e-Market (GeM) Portal for the purchase of new vehicle (Innova Crysta standard option) is Rs.18,00,000/- (Rupees Eighteen Lakhs only). As procuring a new vehicle (Innova Crysta) through Government e-Market (GeM) Portal is more economical than hiring, the proposal furnished by CEO,K-Bip was again recommended to F.D for concurrence,that Department remarked as follows:

"Finance Department is not in a position to concur the proposal, as the Economy Orders in force restrict purchase of vehicle and therefore Administrative Department is requested to take up the matter at appropriate level to relax the restrictions."

5) K-Bip is the implementing agency for the Common Facility Centre (CFC) projects under MSE CDP Scheme of the Ministry of MSME, Govt. of India. The CFC projects are located in various parts of the State and for the effective monitoring and timely implementation of the CFC

projects, frequent travelling is necessary. Also, the present vehicle is more than 15 years old, and has to be disposed off as part of the Scrap Policy of Government of India. As sufficient funds are available with K-Bip received through the Industrial Cluster Development projects which has been successfully completed and commissioned, no government funds are required and there is no financial burden in this regard.

6) As the request of CEO, K-bip merit consideration, the file was circulated for orders whether the proposal for the purchase of a new vehicle may be considered by relaxing the existing economy orders which restricts the purchase of vehicle, the Hon: Chief Minister ordered to place the matter before the Council of Ministers.

3

**Point for decision**

Whether sanction may be accorded for the purchase of a new vehicle (Innova Crysta-Standard Option) at an estimated cost of Rs.18,00,000/- (Rupees Eighteen Lakhs Only) for the official purpose of K-bip, by relaxing the existing economy orders which restricts purchase of vehicle?

4